(സി) പ്രസ്തുത പ്രോജക്ടിന്റെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്; കിഫ്ബിയിൽനിന്നും ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത പ്രോജക്ട് നിർമ്മാണത്തിന് 14-05-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 46/2020/പൊ.മ.വ. പ്രകാരം കിഫ്ബിയിൽനിന്നും 658 കോടി രൂപ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി കൊങ്കൺ റെയിൽവേ കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് എസ്റ്റിമേറ്റ് പ്രക്രിയ പൂർത്തിയാക്കി വരുന്നു. ആയതിനാൽ യഥാർത്ഥ തുക കണക്കാക്കിയിട്ടില്ല.

മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡ് നിർമ്മാണം

99 (848) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയ മാവൂർ- എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും Alignment Stone സ്ഥാപിക്കുന്നതിനുംവേണ്ടി 2020 ആഗസ്റ്റ് മാസം പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ പ്രസ്തുത റോഡിൽ കിഫ്ബി നിയോഗിച്ചിട്ടുള്ള ഡിസൈൻ റിവ്യൂ കൺസൾട്ടന്റിന് റോഡിന്റെ ഡിസൈൻ അവലോകനം നടത്തുന്നതിനായി Alignment Stone സ്ഥാപിക്കുന്ന പ്രവൃത്തി കിഫ്ബിയുടെ അഭിപ്രായപ്രകാരം താൽകാലികമായി നിർത്തിവച്ചിരിക്കുന്നു.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആയതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഡിസൈൻ അവലോകനം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ കഴിയുന്നമുറയ്ക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ തുടങ്ങാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly